# <u>കേരള സ്കൂൾ കലോൽസവം 2013-14</u>

## സോഫ്റ്റ്‌വെയർ യൂസർഗൈഡ്

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കലോൽസവ നടത്തിപ്പും സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായിരിക്കുകയാണ്. സ്കൂൾ തല മത്സരങ്ങളിൽ നിന്നും വിജയികളാകുന്ന കുട്ടികളെ സംബന്ധിച്ച വിവരം ഓൺലൈനായി എന്റർ ചെയ്യേണ്ടതാണ്.ഓരോ വിദ്യാലയങ്ങളിൽ നിന്നും ഉപജില്ല കലോൽസവത്തിൽ പങ്കെടുക്കേണ്ട കുട്ടികളുടെ വിവരങ്ങൾ **www.schoolkalolsavam.in** എന്ന വെബ്സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്. എന്റർ ചെയ്തതിനുശേഷം എന്റർ ചെയ്ത വിവരങ്ങൾ സംബന്ധിച്ച പ്രിന്റൗട്ട് ലഭ്യമാകും ഈ പ്രിന്റൗട്ട് ഓരോ സ്കൂൾ ഹെഡ്മാസ്റ്റർമാരും പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയ പ്രവേശനഫാറത്തിന്റെ പ്രിന്റൗട്ട് ബന്ധപ്പെട്ട എ. ഇ. ഒ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

HSS/VHSS വിഭാഗം വിദ്യാർത്ഥികളുടെ വിവരങ്ങൾ School Code യൂസറായിട്ടുള്ള login വഴിയാണ് enter ചെയ്യേണ്ടത്. അതുകൊണ്ട് confirm ചെയ്യുന്നതിനുമുമ്പായി ടി വിഭാഗം വിദ്യാർത്ഥികളുടെ വിവരങ്ങൾ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ബ്രൗസറിന്റെ അഡ്രസ് ബാറിൽ **www.schoolkalolsavam.in** എന്ന് ടൈപ്പ് ചെയ്ത് എന്റർ അമർത്തുമ്പോൾ Login പേജ് ലഭിക്കും. Home പേജിലെ Item list ൽ നിന്ന് വിവിധ മത്സരവിഭാഗങ്ങളിൽ പെട്ട മത്സരഇനങ്ങളുടെ സമയവും വിശദവിവരങ്ങളും ലഭിക്കുന്നതാണ്. കൂടാതെ Instructions മെനുവിൽ നിന്ന് കലോൽസവ മാനുവൽ, മത്സര ഇനങ്ങൾ, ഐറ്റം കോഡുകൾ, പ്രവേശനഫാറം എന്നിവ ലഭിക്കും. വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുന്നതിനുമുമ്പായി പ്രവേശനഫാറം ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് മാനുവലായി പൂരിപ്പിക്കേണ്ടതാണ്.

യൂസർനെയിം, പാസ്‌വേർഡ് എന്നിവ സ്കൂൾകോഡ് നൽകി login ചെയ്യുക.



അപ്പോൾ ലഭിക്കുന്ന പേജിൽ പാസ്‌വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ്. യൂസറുടെ പേര്, മൊബൈൽ നമ്പർ, ഈമെയിൽ വിലാസം  എന്നിവ കൃത്യമായി രേഖപ്പെടുത്തി പാസ്‌വേർഡ് മാറ്റുക.




Change Password ൽ click ചെയ്യുമ്പോൾ  Password Changed Successfully എന്ന message ലഭിക്കുന്നു.




Registration  മെനു ക്ലിക്ക ചെയ്യുമ്പോൾ ലഭിക്കുന്ന  School Entry  ഉപയോഗിച്ച് സ്കൂളിന്റെ അടിസ്ഥാനവിവരങ്ങൾ  അപ്ഡേറ്റ് ചെയ്യേണ്ടതാണ്.




ഒന്നിലധികം ടീം മാനേജർമാരെ ചേർക്കുന്നതിന് Add New എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ മതിയാകും.




തുടർന്ന് Continue ബട്ടൺ അമർത്തിയാൽ പ്രവേശനഫോറത്തിലെ വിവരങ്ങൾ എന്റർ ചെയ്യുന്നതിനുള്ള ഭാഗം ദൃശ്യമാകും. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളാണെങ്കിൽ അഡ്മിഷൻ നമ്പറിനു മുമ്പായി H എന്നും വോക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളാണെങ്കിൽ അഡ്മിഷൻ നമ്പറിനു മുമ്പായി V എന്നും നൽകണം. കുട്ടി മത്സരിക്കുന്ന Item code നിർദ്ദിഷ്ട സെല്ലിൽ എന്റർ ചെയ്യേണ്ടതാണ്. എന്നാൽ പിന്നണിയായി മത്സരിക്കുന്ന കുട്ടികളാണെങ്കിൽ അവരുടെ ഐറ്റം കോഡ് Pinnany Item Code രേഖപ്പെടുത്തുവാനുള്ള സ്ഥലത്തുമാത്രമേ എന്റർ ചെയ്യാവൂ. ഓരോ കുട്ടിയുടേയും വിവരങ്ങൾ ചേർത്തതിനു ശേഷം Save Participant ബട്ടണിൽ ക്ലിക്കു ചെയ്യുമ്പോൾ കലോത്സവ മാനുവലിന് അനുസൃതമായി മത്സരിക്കാൻ കഴിയുന്ന ഇനങ്ങളാണെങ്കിൽ അവ താഴെ ലിസ്റ്റ് ചെയ്യും.




എന്റർ ചെയ്ത ഏതെങ്കിലും ഐറ്റം കോഡ് പ്രസ്തുത കുട്ടിയുടെ പേരിനുനേരെ കാണിക്കുന്നില്ലെങ്കിൽ കേരള സ്കൂൾ കലോത്സവ മാനുവലിന് അനുസൃതമായാണോ എന്റർ ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്. ഐറ്റം കോഡിനുമുകളിൽ മൗസ് പോയിന്റർ എത്തിക്കുമ്പോൾ അത് ഏത് ഇനത്തിന്റെ കോഡാണ് എന്ന് പ്രദർശിപ്പിക്കും

List of Participants ന്റെ വലതു വശത്തുള്ള Edit ബട്ടൺ ഉപയോഗിച്ച് വിവരങ്ങൾ എഡിറ്റ് ചെയ്യാനും കുട്ടിയുടെ jpg ഫോർമാറ്റിലുള്ള ഫോട്ടോ [Max size:30KB, (200*200)] അപ്‌ലോഡ് ചെയ്യാവുന്നതുമാണ്




Upload Photos മെനു ഉപയോഗിച്ച് ഒരു സ്കൂളിൽ നിന്ന് മേളയിൽ പങ്കെടുക്കുന്ന എല്ലാകുട്ടികളുടേയും ഫോട്ടോകൾ ഒരുമിച്ചോ അഡ്മിഷൻ നമ്പർ അനുസരിച്ചോ browse ചെയ്ത് അപ്‌ലോഡ് ചെയ്യാവുന്നതാണ്




തെറ്റായി അപ്‌ലോഡ് ചെയ്യപ്പെട്ട ഫോട്ടോകൾ നീക്കം ചെയ്യുന്നതിന് Upload Photos ക്ലിക്ക ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ Clear Photo എന്ന ചെക്ക്ബോക്സിൽ ടിക്ക് ചെയ്ത് താഴെയുള്ള Upload Photo എന്ന ബട്ടൺ അമർത്തിയാൽ മതിയാകും




രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം Create Report എന്ന ബട്ടണിൽ ക്ലിക്ക ചെയ്യുമ്പോൾ ആ വിദ്യാലയത്തിൽ നിന്നും പങ്കെടുക്കുന്ന എല്ലാ കുട്ടികളുടേയും പേരുകളും മത്സരിക്കുന്ന ഇനങ്ങളും പ്രദർശിപ്പിക്കുന്ന റിപ്പോർട്ട് ലഭിക്കുന്നു.




ഇത് പ്രിന്റെടുത്ത് പരിശോധിച്ചതിനു ശേഷം Confirm ബട്ടൺ ക്ലിക്ക് ചെയ്യുക. **ഒരിക്കൽ Confirm ബട്ടൺ അമർത്തിയാൽ ആ വിദ്യാലയത്തിലെ എൻട്രിയിൽ യാതൊരു വിധ മാറ്റവും വരുത്തുവാൻ സാധിക്കില്ല**




ഓൺലൈനായി സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതിനാൽ ഉപയോഗശേഷം നിർബന്ധമായും Logout ചെയ്യേണ്ടതാണ്

********************